പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **T 4128** **21.07. 2015**- ലെ മറുപടി

**യെമനിൽ നിന്നും മടങ്ങിയെത്തിയ നഴ്സുമാർക്കുള്ള സഹായം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കെ.ജയചന്ദ്രൻ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| എ) യുദ്ധഭീതിയിൽ യെമനിൽ നിന്നും ജോലി ഉപേക്ഷിച്ച മടങ്ങി എത്തിയിട്ടുള്ളത് എത്ര നഴ്സുമാരാണ് ; ജില്ല തിരിച്ച് വിശദാംശം നൽകാമോ ; | എ) യെമനിൽ നിന്നും ജോലി ഉപേക്ഷിച്ചു മടങ്ങിയെത്തിയ കേരളീയർക്കായി നോർക്ക-റൂട്ട്സ് ഏർപ്പെടുത്തിയ രജിസ്ട്രേഷൻ സംവിധാനത്തിലൂടെ രജിസ്റ്റർ ചെയ്തിട്ടുള്ളവരിൽ 830 പേർ നഴ്സുമാരാണ്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ശേഖരിച്ചു വരുന്നു. |
| ബി)ടി നഴ്സുമാർക്ക് എന്തൊക്കെ സഹായങ്ങളാണ് വാഗ്ദാനം ചെയ്തിരുന്നത് ; വിശദാംശം നൽകാമോ ;<br><br>സി)ഇവർക്ക് വാഗ്ദാനം ചെയ്യപ്പെട്ട സഹായങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ ; എങ്കിൽ എത്ര പേർക്ക് എന്തൊക്കെ സഹായങ്ങൾ നൽകിയെന്ന് ജില്ലതിരിച്ച് വിശദാംശം നൽകാമോ ;<br><br>ഡി)ഇവർക്ക് കേരളത്തിൽ ജോലി ലഭിക്കുന്നതിനുവേണ്ട സഹായം വാഗ്ദാനം ചെയ്തിരുന്നുവോ ; എങ്കിൽ എത്ര പേർക്ക് സർക്കാർ സഹായത്താൽ ജോലി ലഭിച്ചിട്ടുണ്ട് ; ജില്ല തിരിച്ച് വിശദാംശം നൽകാമോ ;<br><br>ഇ)ഇല്ലെങ്കിൽ വാഗ്ദാനം ചെയ്ത സഹായങ്ങൾ ലഭ്യമാക്കാതിരിക്കാനിടയായ സാഹചര്യം വിശദീകരിക്കാമോ ;<br><br>എഫ്)വിദ്യാഭ്യാസ വായ്പയും മറ്റും എടുത്ത് കടക്കെണിയിലായ ഇവർക്ക് എന്തൊക്കെ സഹായങ്ങളാണ് നൽകുന്നത്? | ബി,സി,ഡി, ഇ & എഫ്). ആഭ്യന്തര കലാപ ബാധിത പ്രദേശങ്ങളിൽ നിന്നും തിരികെയെത്തിയ നഴ്സുമാർക്ക് തൊഴിൽ കണ്ടെത്തുന്നതിലേക്കായി നോർക്കയുടെ ജോബ് പോർട്ടലായ www.jobsnorka.gov.in –ൽ രജിസ്ട്രേഷൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. വിദേശത്ത് തൊഴിൽ ആഗ്രഹിക്കുന്നവർക്ക് പ്രസ്തുത ജോബ് പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്ന മുറയ്ക്ക് വിദേശത്ത് നഴ്സിങ്ങ് മേഖലയിലെ നിലവിലെ ഒഴിവുകളെ സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. യമനിൽ നിന്നും മടങ്ങിയെത്തിയവർക്കും തിരികെയെത്തുന്ന പ്രവാസി മലയാളികൾക്കായി സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ പദ്ധതികളുടെയും ആനുകൂല്യങ്ങൾക്ക് അപേക്ഷിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ